പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

18.06.2012-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .1668

# മത്സ്യത്തൊഴിലാളികൾക്കായുള്ള അപകട ഇൻഷ്വറൻസ്

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td></td><td>ശ്രീ. അബ്ദുറഹിമാൻ<br>രണ്ടത്താണി</td><td></td><td>ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മത്സ്യത്തൊഴിലാളികൾക്കായുള്ള അപകട ഇൻഷ്വറൻസ് പദ്ധതിയിൽ ഇതുവരെ എത്ര പേർ ഗുണഭോക്താക്കളായെന്നും അതിൽ എത്രപേർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;</td><td>(എ)</td><td>കേരളത്തിലെ മുഴുവൻ അംഗീകൃത മത്സ്യത്തൊഴിലാളികളും അപകട ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കേരളത്തിൽ കഴിഞ്ഞ മൂന്നു വർഷക്കാലമായി ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുള്ളവരെയും ആനുകൂല്യം വിതരണം ചെയ്തവരെയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>കാലയളവ്</th><th>ഇൻഷ്വർ ചെയ്യപ്പെട്ട മത്സ്യത്തൊഴിലാളികളുടെ എണ്ണം</th><th>ലഭിച്ചിട്ടുള്ള അപേക്ഷകൾ</th><th>ആനുകൂല്യം വിതരണം നടത്തിയ ഗുണഭോക്താക്കളുടെ എണ്ണം</th></tr>
<tr><td>07/12/09 മുതൽ 6-12-10 വരെ</td><td>FM 235904<br>AW 63001</td><td>366</td><td>208</td></tr>
<tr><td>07/12/10 മുതൽ 6-12-11 വരെ</td><td>FM 236315<br>AW 65907</td><td>193</td><td>98</td></tr>
<tr><td>07/12/11 മുതൽ 1 വർഷത്തേയ്ക്ക്</td><td>FM 238466<br>AW 71628</td><td>30</td><td>1</td></tr>
</table>
FM:മത്സ്യത്തൊഴിലാളി<br>AW:അനുബന്ധതൊഴിലിൽഏർപ്പെട്ടിരിക്കുന്നവർ</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതി പ്രകാരമുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ;</td><td>(ബി)</td><td>7/12/11 മുതൽ അപകട മരണത്തിനുള്ള ധനസഹായം 2 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായും സ്ഥിരമോ താൽക്കാലികമോ ഉള്ള അവശതയ്ക്ക് 1 ലക്ഷം രൂപയിൽ നിന്ന് 1.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | അപേക്ഷകർക്ക് ആനുകൂല്യം അനുവദിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | (സി) | ഇൻഷ്വറൻസ് ധനസഹായം ലഭിക്കുന്നതിന് നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുണ്ട്. അനുബന്ധ രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷകളിന്മേൽ ബന്ധപ്പെട്ട മത്സ്യബോർഡ് ഫിഷറീസ് ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ടോടുകൂടി മത്സ്യബോർഡ് മേഖലാ എക്സിക്യൂട്ടീവിന് സമർപ്പിക്കുന്നു. മേഖലാ എക്സിക്യൂട്ടീവ് അന്വേഷണ റിപ്പോർട്ടോടു കൂടി ഹെഡ്ഡാഫീസിലേയ്ക്ക് അയക്കുകയും അപ്രകാരം ഹെഡ്ഡാഫീസിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഇൻഷ്വറൻസ് കമ്പനിയ്ക്ക് കൈമാറുകയും ചെയ്യുന്നു. ധനസഹായം ഇൻഷ്വറൻസ് കമ്പനി അനുവദിക്കുന്ന മുറയ്ക്ക് ആശ്രിതരുടെ പേരിൽ ബാങ്ക് ചെക്കായി അതാത് ബാങ്ക് മേഖലാ എക്സിക്യൂട്ടീവ് വഴി ഗുണഭോക്താവിന് നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ